**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മയ്യനാട് ഗ്രാമപഞ്ചായത്ത് - ബാലികാ സദനം - ജീവനക്കാരുടെ ശമ്പളം, കെട്ടിട വാടക തുടങ്ങിയവ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 1628/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 16/06/2018

പരാമർശം:-
1. മയ്യനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.12.2017 ലെ A3-8069/2017 നമ്പർ കത്ത്.
2. 02.05.2018 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഇനം നമ്പർ 4.12.

## ഉത്തരവ്

മയ്യനാട് ഗ്രാമപഞ്ചായത്തിലെ ബാലികാ സദനത്തിലെ ജീവനക്കാർക്ക് ശമ്പളം, കെട്ടിടത്തിന്റെ വാടക മറ്റ ചെലവുകൾ എന്നിവയ്ക്കായി 2017-18 വർഷത്തിൽ വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയ ഇന്നവേറ്റീവ് പ്രോജക്ടിന്റെ തുകയായ 14,88,000/- രൂപ (പതിനാല് ലക്ഷത്തി എൺപത്തി എണ്ണായിരം രൂപ) (തനത് ഫണ്ട്), 01/04/2017 മുതലുള്ള ജിവനക്കാരുടെ ശമ്പളം അടക്കമുള്ള മറ്റ് ചെലവുകൾ നിർവ്വഹിക്കുന്നതിന് പരാമർശത്തിലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
അനീഷ്. റ്റി,
**അണ്ടർ സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
പ്രസിഡന്റ്/സെക്രട്ടറി, മയ്യനാട് ഗ്രാമപഞ്ചായത്ത്, മയ്യനാട് പി.ഒ, കൊല്ലം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ